(എച്ച്)&(ഐ) സ്വകാര്യ കമ്പനികളോ വ്യക്തികളോ നടത്തുന്ന ചിട്ടിക ളുടെ പരിധി 25000/- രൂപയിൽ നിന്നുയർത്തി ഒരു ലക്ഷം രൂപയാക്കണ മെന്നും ആസ്തിയുടെ 50% തുകയ്ക്ക് തുല്യമായ ചിട്ടിയേ നടത്താൻ പാടുള്ളൂ എന്നത് ആസ്തിയ്ക്ക് തുല്യമായ ചിട്ടി നടത്താം എന്നും ഭേദഗതി ചെയ്യാനാണ് കമ്മിറ്റി ശുപാർശ ചെയ്തിരിക്കുന്നത്. കരട് ചിട്ടി നിയമം സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്യുകയും സമഗ്രമായ ചർച്ചയ്ക്ക് മാറ്റിവച്ചിരിക്കു കയുമാണ്.

ഫോറസ്റ്റ് സ്റ്റേഷനുകളുടെ പ്രവർത്തനം

25 (*385) ശ്രീ. പി. വിശ്വൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫോറസ്റ്റ് സ്റ്റേഷനുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ ഫോറസ്റ്റ് സ്റ്റേഷനുകളുടെ പ്രവർത്തനം അടി ക്കടി വിലയിരുത്തുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും എന്തെ ങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏതൊക്കെ ഫോറസ്റ്റ് സ്റ്റേഷനുകളിലാണ് ഇപ്രകാരം പോരായ്മകൾ പരിഹരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഫോറസ്റ്റ് സ്റ്റേഷനുകളിൽ എന്തൊക്കെ പുതിയ സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എവിടെയെല്ലാമാണ് പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിച്ചതെന്ന് വ്യക്ത മാക്കുമോ;

(എഫ്) സംസ്ഥാനത്ത് കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിക്കേ ണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാ ക്കുമോ;

(ജി) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഫോറസ്റ്റ് സ്റ്റേഷനുകൾ നിലവി ലുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ)&(ബി) വിവിധ തലങ്ങളിലുള്ള പ്രതിമാസ മീറ്റിംഗുകളിലൂടെ ഫോറസ്റ്റ് സ്റ്റേഷനുകളുടെ പ്രവർത്തനം അവലോകനം ചെയ്യപ്പെടാറുണ്ട്. വനം വിജിലൻസ് വിഭാഗവും വനംവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും ഔദ്യോഗിക യാത്രകൾക്കിടയിൽ സ്റ്റേഷനുകൾ നേരിട്ടു പരിശോധിക്കുകയും സ്റ്റേഷൻ പ്രവർത്തനം അവലോകനം ചെയ്യുകയും പ്രവർത്തനം കുറ്റമറ്റതാ ക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കൊല്ലം സർക്കിളിൽ കൊക്കാത്തോട്, മുള്ളുമല, തുറ, ചിറ്റാർ, കരിംകുളം സ്റ്റേഷനുകളും കോട്ടയം സർക്കിളിൽ വാളറ, വാഴത്തോപ്പ് സ്റ്റേഷനുകളും തൃശ്ശൂർ സർക്കിളിൽ ഏഴാറ്റുമുഖം പെരുമത്തോട്. ഭൂതത്താൻകെട്ട്, പൊങ്ങനംകാട് സ്റ്റേഷനുകളും പാലക്കാട് ഷോളയാർ, എടക്കോട് എന്നീ സ്റ്റേഷനുകളിലുമാണ് പോരായ്മകൾ പരിഹരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുള്ളത്.

(ഡി) എല്ലാ ഫോറസ്റ്റ്സ്റ്റേഷനുകളിലും ജീപ്പ്, മോട്ടോർ സൈക്കിൾ, വയർലസ്സ്, തോക്ക് മുതലായവ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ ഒന്നും ആരംഭിച്ചിട്ടില്ല.

(എഫ്) സംസ്ഥാനത്ത് പുതിയതായി ചില ഫോറസ്റ്റ് സ്റ്റേഷനുകൾ കൂടി ആരംഭിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

(ജി) സംസ്ഥാനത്ത് ഇപ്പോൾ 885 ഫോറസ്റ്റ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി[†] ചേർത്തിരിക്കുന്നു.

നാണ്യവിളകളുടെ വിലയിടിവ്

26 (*386) ശ്രീ. പാലോട് രവി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി ചെയ്യുന്ന റബ്ബർ, ഏലം, കാപ്പി, തേയില എന്നിവയുടെ വിലയിൽ 1996-97, 97-98, 98-99 എന്നീ വർഷങ്ങളിൽ ഇടിവുണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ വർഷവും ഇവയുടെ ഓരോന്നിന്റെയും വിലയിൽ എന്ത് കുറവുണ്ടായി എന്ന് പറയുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) കാപ്പി, തേയില എന്നിവയുടെ വിലയിൽ ഈ മൂന്നു വർഷങ്ങളിലും ഇടിവുണ്ടായിട്ടില്ല. റബ്ബറിന്റെ വിലയിൽ ഇടിവുണ്ടായിട്ടുണ്ട്. ഏലത്തിന്റെ വിലയിൽ 1997-98 ൽ വിലയിടിവുണ്ടായെങ്കിലും 1998-99-ൽ വില വർദ്ധിച്ചു.

(ബി) റബ്ബർ ബോർഡു നൽകിയ കണക്കനുസരിച്ച് റബ്ബറിന്റെ വില 1996-97 ൽ 4901 രൂപ ആയിരുന്നത് 1997-98-ൽ 3580 രൂപയും 1998-99 ൽ 2994 രൂപയും ഏലത്തിന്റെ വില 1996-97-ൽ 376 രൂപ ആയിരുന്നത് 1997-98 ൽ 331 രൂപയായി കുറയുകയും 1998-99 ൽ 464 രൂപയായി വർദ്ധിക്കുകയും ചെയ്തു.

പൂജാദി കർമ്മങ്ങൾക്കും വഴിപാടിനും ചാർജ് വർദ്ധിപ്പിച്ച നടപടി

27 (*387) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

[†] അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly